# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1604 — 21.01.2014-ൽ മറുപടിക്ക്

കുന്നംകുളം മഹാത്മാഗാന്ധി ഷോപ്പിംങ് കോംപ്ളക്സിലെ പരസ്യ ബോർഡ്

| ചോദ്യം<br>ശ്രീ.ബാബു എം.പാലിശ്ശേരി | മറുപടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>( നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
|---|---|
| എ) കുന്നംകുളം നഗരസഭയ്ക്ക് കീഴിലുള്ള മഹാത്മാഗാന്ധി ഷോപ്പിംങ് കോംപ്ളക്സ് കെട്ടിടത്തിന് എത്ര വർഷത്തെ പഴക്കമുണ്ട്; | എ) 19 വർഷത്തെ പഴക്കമുണ്ട്. |
| ബി) ഈ കെട്ടിടത്തിന്റെ ടെറസ്സിൽ പരസ്യബോർഡ് സ്ഥാപിക്കുന്നതിന് സ്വകാര്യ വ്യക്തികൾക്കോ, കമ്പനികൾക്കോ അനുമതി നൽകുന്നതിന് കുന്നംകുളം നഗരസഭ തീരുമാനമെടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആർക്കാണ് അനുമതി നൽകിയിട്ടുള്ളത്; | ബി) ഉണ്ട്. ശ്രീ.ജിബിൻ ജോൺസൺ (നടക്കാലാ ഹൌസ്, തലോർ പി.ഒ., തൃശ്ശൂർ) എന്ന വ്യക്തിക്കാണ് അനുമതി നൽകിയിട്ടുള്ളത്. |
| സി) എന്ത് വലിപ്പമുള്ള പരസ്യ ബോർഡ് സ്ഥാപിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്; ഇതു സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയാണ്; | സി) 10 മീ x 3 മീ അളവിൽ മൂന്ന് ബോർഡുകൾ സ്ഥാപിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ടെന്റർ/ലേല നോട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള നിബന്ധനകളുടെ വിശദവിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| ഡി) കൂറ്റൻ പരസ്യബോർഡിന്റേയും തൂണുകളുടേയും ഭാരം താങ്ങാൻ കെട്ടിടത്തിന്റെ ടെറസ്സിന് കഴിയും എന്ന് മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**